6
ബുധൻ
2018 ജൂൺ
1193 എടവം 23

# മക്തബ്

www.makthabdaily.com

തളിപ്പറമ്പ | പുസ്തകം 11 ലക്കം 189 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 | Ph: 0460- 2208010 | പേജ് 4 വില: 5.00 രൂപ

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

# യുവാവിന്റെ കവിളെല്ല് അടിച്ചുപൊട്ടിച്ചു നാല് പോലീസുകാർക്കെതിരെ കേസ്

ആലുവ: പോലീസുകാർ മഫ്തിയിൽ സഞ്ചരിച്ച കാർ ബൈക്കിലിടിച്ചത് ചോദ്യം ചെയ്ത യുവാവിനെ മർദിച്ച നാല് പോലീസുകാർക്കെതിരെ കേസെടുത്തു. ഇടത്തല സ്റ്റേഷനിലെ പോലീസുകാർക്കെതിരെയാണ് കേസെടുത്തത്. ഐ.പി.സി 342, 323, 324 വകുപ്പ് പ്രകാരമാണ് കേസെടുത്തത്.

ഇന്നലെ വൈകീട്ട് 5.30ഓടെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. കുഞ്ചാട്ടുകര മരത്തുംകുടി ഉസ്മാൻ (39) ഓടിച്ച ബൈക്കിലാണ് എടത്തല ഗവ. സ്കൂൾ ഗൈറ്റിന് മുന്നിൽ വെച്ച് പോലീസുകാരുടെ കാറിടിച്ചത്. ഉസ്മാൻ നോമ്പുതുറക്കാൻ പള്ളിയിലേക്ക് പോവുകയായിരുന്നു. സ്വകാര്യ കാറിൽ മഫ്തിയിലായതിനാൽ പോലീസുകാരാണ് അതിനകത്തുള്ളതെന്ന് ഉസ്മാനോ സ്ഥലത്തുണ്ടായിരുന്നവർക്കോ മനസിലായിരുന്നില്ല. ബൈക്കിൽ കാറിടിച്ചതിനെ ഉസ്മാൻ ചോദ്യം ചെയ്തതോടെ പോലീസുകാർ ചാടിയിറങ്ങി ഉസ്മാനെ കാറിലിട്ട് സ്റ്റേഷനിലേക്ക് കൊണ്ടുപോവുകയായിരുന്നു. ഗുണ്ടാസംഘം ഉസ്മാനെ തട്ടിക്കൊണ്ടുപോയതാണെന്ന് കരുതി നാട്ടുകാർ പരാതിയുമായി സ്റ്റേഷനിലെത്തിയപ്പോഴാണ് പോലീസുകാരാണ് തട്ടിക്കൊണ്ടുപോയതെന്ന് മനസിലായത്. അവിടെ വെച്ച് നാട്ടുകാർ തിരക്കിയതോടെ പോലീസുകാർ നാട്ടുകാരോടും കയർത്തു. സ്റ്റേഷനിൽ വെച്ച് ഉസ്മാനെ ക്രൂരമായി മർദിക്കുകയും ചെയ്തു. ഉസ്മാനെ ആശുപത്രിയിലേക്ക് കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ട് ജനങ്ങൾ ബഹളംവെച്ചു. ആലുവ ഡി.വൈ.എസ്.പി. കെ.ബി പ്രഫുലചന്ദ്രൻ സ്ഥലത്തെത്തിയാണ് ഉസ്മാനെ ആശുപത്രിയിലേക്ക് മാറ്റിയത്. ഉസ്മാന്റെ മുഖത്ത് അടിയേറ്റ പാടുകളും നീരുമുണ്ടായിരുന്നു. ആശുപത്രിയിൽ ഡോക്ടറെ കാണിച്ച് ഉസ്മാനെ തിരികെ കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ നാട്ടുകാർ വീണ്ടും പ്രതിഷേധം ഉയർത്തി. പോലീസുമായി ഉന്തും തള്ളുമുണ്ടായി. തുടർന്നാണ് ചുണങ്ങംവേലി രാജഗിരി ആശുപത്രിയിൽ ഉസ്മാനെ അഡ്മിറ്റ് ചെയ്യുകയായിരുന്നു. താടിയെല്ലിന് പരിക്കേറ്റ ഉസ്മാന് ശസ്ത്രക്രിയ വേണ്ടിവരുമെന്നാണ് ഡോക്ടർമാർ പറഞ്ഞത്. ഇന്നലെ തന്നെ നാട്ടുകാർ കടുത്ത പ്രതിഷേധവുമായി പോലീസ് സ്റ്റേഷനിൽ തടിച്ചുകൂടി. കോൺഗ്രസ് ഇന്ന് പോലീസ് സ്റ്റേഷൻ മാർച്ച് നടത്താൻ തീരുമാനിച്ചു. ഇതോടെയാണ് പോലീസുകാർക്കെതിരെ കേസെടുത്തത്.

കാറിലുണ്ടായിരുന്ന പോലീസുകാർ മദ്യപിച്ചിരുന്നതായി നാട്ടുകാർ ആരോപിച്ചു. എന്നാൽ ഒരു പോക്സോ കേസ് പ്രതിയെ പിടിക്കാനാണ് മഫ്തിയിൽ കുഞ്ചാട്ടുകരയിലേക്ക് പോയതെന്നാണ് പോലീസ് ഭാഷ്യം.

## പോലീസിൽ ബി.ജെ.പി അനുകൂല ഗ്രൂപ്പ് രൂപംകൊള്ളുന്നു

കണ്ണൂർ: പോലീസ് അസോസിയേഷന്റകത്ത് ബി.ജെ.പി അനുകൂല ഗ്രൂപ്പ് രൂപംകൊള്ളുന്നു. ബി.ജെ.പി അനുകൂലികളായ പോലീസുകാർ വാട്സ്ആപ്പ് ഗ്രൂപ്പിന് രൂപം നൽകി. പോലീസ് അസോസിയേഷൻ നേതൃത്വം സി.പി.എമ്മിന്റെ കയ്യിൽ അകപ്പെട്ടതിനെ തുടർന്നാണ് ബി.ജെ.പിക്കാർ പ്രത്യേകമായി സംഘടിക്കാൻ തുടങ്ങിയത്. സമീപകാലത്ത് സി.പി.എം അനുകൂല പോലീസുകാർ ചുവന്ന ഷർട്ടിട്ട് അസോസിയേഷൻ സമ്മേളനത്തിൽ പങ്കെടുത്തതും സമ്മേളനത്തിൽ ചുവന്ന രക്തസാക്ഷിമണ്ഡപം പണിതതുമൊക്കെ വിവാദമായിരുന്നു. പോലീസ് അസോസിയേഷനിൽ എല്ലാകാലത്തും കോൺഗ്രസ് അനുകൂലികളും സി.പി.എം അനുകൂലികളും ചേരിതിരിഞ്ഞ് പോരാട്ടം നടത്താറുണ്ട്. അതിന് പിറകെയാണ് ബി.ജെ.പി അനുകൂലികളും രംഗത്തിറങ്ങാൻ തീരുമാനിച്ചത്. ഇവർ രംഗത്തിറങ്ങിയതോടെയാണ് അസോസിയേഷൻ നേതാക്കളുമായി ബന്ധപ്പെട്ട പല വിവരങ്ങളും പുറത്തെത്താൻ തുടങ്ങിയതെന്ന സംശയം ഉയർന്നിട്ടുണ്ട്.

## വീട് കുത്തിത്തുറന്ന് 25 പവനും ഒന്നര ലക്ഷം രൂപയും കവർന്നു

തൃക്കരിപ്പൂർ: വീട് കുത്തിത്തുറന്ന് 25 പവന്റെ സ്വർണ്ണാഭരണങ്ങളും ഒന്നര ലക്ഷം രൂപയും കവർന്നു. കരോളം ഗവ. എൽ.പി സ്കൂളിന് സമീപത്തെ ലത്തീഫിന്റെ വീട്ടിലാണ് കവർച്ച നടന്നത്. ഇന്നലെ വൈകുന്നേരം 4.30ഓടെ വീട് പൂട്ടി ലത്തീഫ് കുടുംബസമേതം ഉതിന്നൂരിലെ ബന്ധുവീട്ടിൽ നോമ്പുതുറക്ക് പോയതായിരുന്നു. രാത്രി 8.30ഓടെ തിരിച്ചെത്തിയപ്പോൾ വീടിന്റെ അടുക്കളഭാഗത്തെ ഗ്രിൽസ് മുറിച്ച നിലയിൽ കാണപ്പെട്ടു. ഇതുവഴി അകത്ത് കടന്ന മോഷ്ടാക്കൾ അലമാര കുത്തിത്തുറന്നാണ് പണവും ആഭരണങ്ങളും കവർന്നത്.

## വരാപ്പുഴ കസ്റ്റഡിമരണം: പ്രതിപക്ഷ ബഹളം നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു

തിരുവനന്തപുരം: വരാപ്പുഴ കസ്റ്റഡി മരണത്തെ കുറിച്ചുള്ള അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനെ തുടർന്ന് നിയമസഭ ഇന്ന് പ്രക്ഷുബ്ധമായി. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

കോൺഗ്രസിലെ വി.ഡി. സതീശനാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. കേസിലെ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യണമെന്നായിരുന്നു നോട്ടീസിലെ ആവശ്യം. എസ്.പിയെ സംരക്ഷിക്കുന്ന സമീപനമാണ് മുഖ്യമന്ത്രി കൈക്കൊള്ളുന്നതെന്നും സതീശൻ ആരോപിച്ചു. എന്നാൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയം സഭയിൽ ചർച്ച ചെയ്യാനാവില്ലെന്ന നിലപാട് സ്വീകരിച്ച സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അടിയന്തര പ്രമേയത്തിന് അവതരാണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കി. സ്പീക്കറുടെ മുഖംമറയ്ക്കുന്ന രീതിയിൽ കറുത്ത ബാനർ ഉയർത്തിയായിരുന്നു പ്രതിപക്ഷ പ്രതിഷേധം. മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം ഒഴിവാക്കണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം ചെവിക്കൊണ്ടില്ല. ബഹളത്തെ തുടർന്ന് സഭ നിർത്തിവെച്ച സ്പീക്കർ കക്ഷി നേതാക്കളെ ചർച്ചക്ക് വിളിച്ചു. അൽപ്പസമയത്തിന് ശേഷം സഭ വീണ്ടും ചേർന്നെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് സഭ പിരിയുകയാണെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു.

കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയം സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന സ്പീക്കറുടെ നിലപാടിനെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ചോദ്യം ചെയ്തു. 2015 ജനുവരി 30ന് ബാർക്കോഴയും ഡിസംബർ 14ന് സോളാറും ഡിസംബർ 15ന് ബാർക്കോഴയും സഭയിൽ ചർച്ച ചെയ്തിട്ടുണ്ടെന്നും രേഖകൾ ഉദ്ധരിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടി. 2017 മെയ് രണ്ടിനും 21നും ഓഗസ്ത് 22നും 2018 മാർച്ച് ഏഴിനും കോടതിയിലുള്ള വിഷയങ്ങൾ നിയമസഭയിൽ ചർച്ച ചെയ്തതായും ചെന്നിത്തല പറഞ്ഞു. സർക്കാർ എന്തിനെയാണ് ഭയപ്പെടുന്നത്. ഇത്തരം സംഭവങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെങ്കിൽ ഞങ്ങൾ എന്തിനാണ് സഭയിൽ വരേണ്ടതെന്നും അദ്ദേഹം ചോദിച്ചു.

## ഓടിക്കൊണ്ടിരുന്ന കാറിൽ റിട്ട. അധ്യാപകൻ വെന്തുമരിച്ചനിലയിൽ

കുറ്റ്യാടി: ദുരൂഹസാഹചര്യത്തിൽ കത്തിനശിച്ച കാറിനകത്ത് റിട്ട. പ്രധാന അധ്യാപകൻ വെന്തുമരിച്ചനിലയിൽ. സംസ്ഥാനപാതയിൽ അമ്പലക്കുളങ്ങരയിൽ ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് സംഭവം. നരിപ്പറ്റ മണിയൂർ താഴെയിലെ കൊയ്യാൽ നാണു (62)ആണ് മരണമടഞ്ഞത്. കുറ്റ്യാടിയിൽ ഡോക്ടറെ കാണാനായി ബുക്ക് ചെയ്യാൻ പോകുന്നതിനിടെ കാർ കത്തിയെന്നാണ് പറയുന്നത്. ഇയാൾ മാത്രമായിരുന്നു കാറിലുണ്ടായിരുന്നത്. കത്തിക്കരിഞ്ഞ മൃതദേഹം തിരിച്ചറിയാൻ സാധിക്കാത്തവിധമായിരുന്നു. പരിചയമുള്ള ഒരാൾ കാർ നമ്പർ തിരിച്ചറിഞ്ഞത് കൊണ്ടാണ് ആളെ തിരിച്ചറിയാൻ സാധിച്ചത്. പുലർച്ചെ തന്നെ വീട്ടിൽ നിന്ന് പോയതാണെന്നാണ് വീട്ടുകാർ പറയുന്നത്. എന്നാൽ ഓടുന്ന കാറിൽ തീപ്പിടിത്തമുണ്ടായാൽ ഇത്തരത്തിൽ കത്തിനശിക്കില്ലെന്നും അഥവാ കത്തിയാൽ തന്നെ യാത്രക്കാരന് പുറത്തിറങ്ങാൻ സാധിക്കേണ്ടതുമാണെന്നാണ് പോലീസ് അനുമാനം. ഇന്നലെ രാത്രി പ്രദേശവാസികളോട് നാണു പെട്രോൾ ആവശ്യപ്പെട്ടതായി പറയുന്നുണ്ട്. ആത്മഹത്യ ചെയ്യാനാണോ പെട്രോൾ ആവശ്യപ്പെട്ടതെന്ന സംശയം പോലീസിനുണ്ട്. കണ്ണൂരിൽ നിന്ന് ഫോറൻസിക് വിദഗ്ധരെത്തിയ ശേഷമേ മൃതദേഹം പുറത്തെടുക്കൂ. വടകര കോടതിയിലെ ജീവനക്കാരി സുജാതയാണ് ഭാര്യ. ഒരു മകനുണ്ട്. കുറ്റ്യാടി സി.ഐ സുനിൽകുമാറിന്റെ നേതൃത്വത്തിലാണ് പോലീസ് സ്ഥലത്തെത്തിയത്.

## പിണറായിയെ വധിക്കുമെന്ന് ഫെയ്സ്ബുക്ക് പോസ്റ്റ്; ക്ഷമ പറഞ്ഞ് തലയൂരി

കണ്ണൂർ: മുഖ്യമന്ത്രി പിണറായി വിജയനെയും കുടുംബത്തെയും വധിക്കുമെന്ന് ഫെയ്സ്ബുക്കിലൂടെ ലൈവായി പ്രഖ്യാപിച്ച ആൾ ഒടുവിൽ മദ്യലഹരിയിൽ പറഞ്ഞതാണെന്ന് പറഞ്ഞ് ക്ഷമാപണം നടത്തി തലയൂരി.

ഇന്നലെയാണ് ഫെയ്സ്ബുക്കിൽ പിണറായിയെയും കുടുംബത്തെയും അടക്കം, കേട്ടാൽ അറക്കുന്നഭാഷയിൽ അസഭ്യം പറഞ്ഞുകൊണ്ട് വധഭീഷണിയുയർത്തിക്കൊണ്ടുള്ള സംസാരം വന്നത്. താൻ പഴയൊരു അർ.എസ്.എസുകാരനാണെന്നും, പറഞ്ഞാണ് സംസാരം തുടങ്ങിയത്. താൻ ഗൾഫിൽ വന്നത് പിണറായിയെയും മറ്റും കൊല്ലാൻ പണമുണ്ടാക്കാനാണെന്നും എന്റെ ജീവിത ഒരു പ്രശ്നമല്ലെന്നും പറയുന്നു. പഴയ കത്തിയൊക്കെ തേച്ചുമിനുക്കി വച്ചിട്ടുണ്ടെന്നും രണ്ടേരണ്ട് ദിവസം കൊണ്ട് നാട്ടിൽ വന്ന് വധം നടത്തുമെന്നും പ്രഖ്യാപിക്കുന്നു. പിണറായിയെ മത്രമല്ല കുടുംബത്തെ ഒന്നാകെ പടപടായെന്ന് ശരിപ്പെടുത്തുമെന്നും പറയുന്നുണ്ട്. ഉറച്ച ചങ്കുറപ്പോടെയാണ് താൻ വരുന്നതന്നും ഇതിന് പിന്തുണ വേണമെന്നും ഇയാൾ അഭ്യർത്ഥിക്കുന്നു. അടുത്ത ഫ്ളൈറ്റിന് തന്നെ കേരളത്തിലേക്ക് വരുമെന്നും തന്റെ പാസ്പോർട്ടിന്റെ കേപ്പിയടക്കം നല്കാമെന്നും ഇയാൾ പറയുന്നു.

ഈ ഫെയ്സ്ബുക്ക് പോസ്റ്റ് നിമിഷങ്ങൾക്കകം വിവാദമായി. സി.പി.എമ്മിന്റെ സൈബർ പോരാളികൾ ഇയളെ കണ്ടെത്താൻ ശ്രമം തുടങ്ങി. അധികം വൈകാതെ ദുബായിൽ ജോലി ചെയ്യുന്ന തൃപ്പൂണിത്തുറ സ്വദേശി കൃഷ്ണകുമാർ നായരാണ് കഥാപാത്രമെന്ന് കണ്ടെത്തി. ഇയാൾ ജോലി ചെയ്യുന്ന ക്യാമ്പിലെത്തി സി.പി.എം. അനുഭാവിയായ ഗൾഫ് മലയാളികൾ കണ്ടതോടെ മദ്യലഹരിയിൽ ചെയ്തുപോയതാണെന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ് മാപ്പപേക്ഷിച്ചു. താൻ മുമ്പ് സംഘിയാണെങ്കിലും ഇപ്പോൾ സംഘടനയുമായി യാതൊരു ബന്ധവുമില്ലെന്നും പിണറായി നല്ല കാര്യങ്ങൾ ചെയ്ത മുഖ്യമന്ത്രിയാണെന്നും ഇയാൾ കൂട്ടിച്ചേർത്തു. പിണറായിയോടും കുടുംബത്തോടും മന്ത്രി എം.എം.മണിയോടും കേരളീയരോടും മാപ്പ് ചോദിക്കുന്നതായി പറഞ്ഞ കൃഷ്ണകുമാർ ജീവിതത്തിൽ ഒരിക്കലും ഇത് ആവർത്തിക്കില്ലെന്നും പറഞ്ഞു.

## കോൺഗ്രസിൽ മാറേണ്ട തലകൾ മാറണമെന്ന് ശങ്കരനാരായണൻ

തിരുവനന്തപുരം: കോൺഗ്രസിൽ തലമുറ മാറ്റം വേണമെന്ന ആവശ്യത്തെ പിന്തുണച്ച് മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ. ശങ്കരനാരായണൻ രംഗത്തുവന്നു. മാറേണ്ട തലകൾ മാറണമെന്ന് ഒരു ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.

യുവ എം.എൽ.എമാർ പരസ്യമായി ഇതു സംബന്ധിച്ച് അഭിപ്രായം പറഞ്ഞതിൽ തെറ്റില്ല. മുൻതലമുറ ഇതിലും ശക്തമായ അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. പരിചയസമ്പന്നരെ പൂർണ്ണമായും ഒഴിവാക്കണമെന്ന അഭിപ്രായമില്ല. പരിചയ സമ്പന്നരും യുവാക്കളും ചേർന്ന സമ്മിശ്ര നേതൃത്വമാണ് വേണ്ടത്.

സംസ്ഥാന സർക്കാർ ഇത്രമാത്രം പ്രതിസന്ധിയിലായ സാഹചര്യത്തിൽ ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് പരാജയപ്പെട്ടത് എന്തുകൊണ്ടെന്ന് ഗൗരവമായി ചർച്ച ചെയ്യണം. ആരെങ്കിലും ഉത്തരവാദിത്വം ഏറ്റെടുത്തതുകൊണ്ട് കാര്യമില്ല. അതല്ല പ്രശ്നം.

ഇടതുപക്ഷം നിലനിൽക്കണമെന്നാണ് എന്റെ അഭിപ്രായം. സി.പി.എം ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനം നല്ല പ്രസ്ഥാനമായി മാറണം. എങ്കിലേ മറ്റുള്ള പ്രസ്ഥാനങ്ങളിലും മാറ്റം ഉണ്ടാവുകയുള്ളൂ. എന്നാൽ ദൗർഭാഗ്യവശാൽ സി.പി.എം. വളരുകയല്ല തളരുകയാണ്. പശ്ചിമബംഗാളിലും ത്രിപുരയിലുമൊക്കെ നമ്മൾ അതുകണ്ടു. പശ്ചിമബംഗാളിൽ സി.പി.എം ബി.ജെ.പിയുമായി പോലും കൂട്ടുകെട്ടുണ്ടാക്കുകയാണ്. കേരളത്തിൽ സി.പി.എം കോൺഗ്രസിനെ എതിർത്തോട്ടെ, എന്നാൽ കോൺഗ്രസ് ഒന്നുമല്ലെന്ന മട്ടിലുള്ള സമീപനം ശരിയല്ലെന്നും ശങ്കരനാരായണൻ പറഞ്ഞു.

## യുവതിയെ ബൈക്കിൽ വീട്ടിലെത്തിച്ച യുവാവിനെ സദാചാര ഗുണ്ടകൾ തട്ടിക്കൊണ്ടുപോയി മർദിച്ചവശനാക്കി

നീലേശ്വരം: സഹപ്രവർത്തകയായ യുവതിയെ ബൈക്കിൽ വീട്ടിലെത്തിച്ച യുവാവിനെ സദാചാര ഗുണ്ടകൾ തട്ടിക്കൊണ്ടുപോയി മർദിച്ചവശനാക്കി. പടന്നക്കാട് ഒഴിഞ്ഞവളപ്പിലെ രജീഷി (31)നെ പരിക്കുകളോടെ കാഞ്ഞങ്ങാട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി 7.30 ഓടെയാണ് സംഭവം.

മാവുങ്കാലിൽ സ്വകാര്യ ആശുപത്രിയിൽ ജീവനക്കാരനാണ് രജീഷ്. ഇതേ സ്ഥാപനത്തിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്ന തൈക്കടപ്പുറം സ്വദേശിനിയായ ഇതര മതക്കാരിയായ യുവതിയെ ബൈക്കിന്റെ പിറകിൽ കയറ്റി ഇന്നലെ സന്ധ്യക്ക് അവരുടെ വീട്ടിലെത്തിച്ചിരുന്നു. അവിടെ നിന്ന് മടങ്ങാൻ തുടങ്ങവെ 20ഓളം വരുന്ന സംഘം രജീഷിനെ വളഞ്ഞ് തട്ടിക്കൊണ്ടുപോവുകയായിരുന്നു. തൈക്കടപ്പുറത്ത് കൊണ്ടുപോയി രജീഷിനെ മർദിച്ചവശനാക്കി അവിടെ ഉപേക്ഷിച്ച് സംഘം രക്ഷപ്പെട്ടു. പിന്നീട് നാട്ടുകാരിൽ ചില രാണ് രജീഷിനെ ആശുപത്രിയിലാക്കിയത്. നീലേശ്വരം പോലീസ് 20ഓളം പേർക്കെതിരെ കേസെടുത്തു.

